# പുണ്യചരിതൻ

**സത്യത്തേയും ധർമ്മത്തേയും ആരാധിച്ചുകൊണ്ട് കടന്നുപോയ ജീവിതം. ഒരു കാലഘട്ടത്തിൻെറ പ്രതാപവും തേജസ്സും ആ വ്യക്തിത്വത്തിലുണ്ടായിരുന്നു**

**വി**ചിത്രമായ ചുററുപാടുകളിലാണ് ശ്രീ കേശവമേനോൻെറ പേര് ഞാൻ ആദ്യം കേട്ടത്; ഞാൻ താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിയായിരുന്ന കാലത്ത്, സ്വാതന്ത്ര്യസമരത്തേയും സ്വദേശിപ്രസ്ഥാനത്തേയും വൈക്കം സത്യാഗ്രഹത്തേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാടകാഭിനയം നടന്നു. നാട്ടിൻപുറത്തെ ഉത്സാഹശാലികളായ ചെറുപ്പക്കാർ തട്ടിക്കൂട്ടിയ കലാപരിപാടിയാണ്. ആ ഗ്രാമീണനാടകത്തിലെ ഒരു കഥാപാത്രം ''ബാരിസ്റ്റർ കേശവമേനോൻ'' ആയിരുന്നു. സായിപ്പിനെ ഭയപ്പെടാതെ ശരിയും തെററും ന്യായവും അന്യായവും തുറന്നുപറയുകയും തൻെറ അവകാശങ്ങൾക്കുവേണ്ടി ശക്തിയായി വാദിക്കുകയും ചെയ്ത ആ കഥാപാത്രം എന്നെ വളരെയധികം ആകർഷിച്ചു. അതിനുശേഷം ആത്തിരമ്പിക്കടന്നുപോയ അൻപത്തിയഞ്ചോളം വർഷങ്ങൾക്കിടയ്ക്ക് ശ്രീ കേശവമേനോൻ, കഥാപാത്രം എന്ന


ഡോ: കെ. ഭാസ്കരൻ നായർ

നില വിട്ട്, ഒരു യഥാർത്ഥ മനുഷ്യനായി എൻെറ എളിയ ജീവിതത്തിൽ കടന്നുവരികയും ഒരിക്കലും നിലയ്ക്കാത്ത സ്നേഹാമൃതവർഷത്താൽ എന്നെ ധന്യനാക്കുകയും ചെയ്തു. ബാല്യകാലത്തെ ആ അനുഭവത്തിനുശേഷം എന്നും അദ്ദേഹത്തിൻെറ ജീവിതം എനിക്ക് ശ്രദ്ധാവിഷയമായിരുന്നു. അതേക്കുറിച്ച് അന്നു തോന്നിയ ആദരാതിശയങ്ങൾ അടിക്കടി ഉത്തരോത്തരം വർദ്ധിച്ചുവരികയും ചെയ്തു.

## തൊഴിലും ജാതകവും

കേശവമേനോൻ പൊതുക്കാര്യങ്ങൾക്കുവേണ്ടി ജനിച്ച ആളാണെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. അങ്ങനെയും ചില ജാതകങ്ങളുണ്ടെന്ന് ജ്യോതിഷം അറിയാവുന്നവർ പറഞ്ഞുകേട്ടിട്ടുണ്ട്. സ്വന്തവും സ്വകാര്യവുമായ ജീവിതം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ തീരെ അപ്രധാനമായിരുന്നു. ഭക്ഷണത്തിനു വേണ്ട വിഭവങ്ങളെക്കുറിച്ചല്ലാതെ മററൊരു സ്വന്ത താത്പര്യത്തെപ്പററിയും സ്വകാര്യസംഭാഷണങ്ങളിൽ പോലും അദ്ദേഹം സംസാരിക്കുന്നതു കേട്ടിട്ടില്ല. ഭക്ഷണത്തിൻെറ കാര്യംതന്നെയും ഫലിതത്തിനുവേണ്ടി പറയുന്നതല്ലേ എന്നു പില്ക്കാലത്തെങ്കിലും സംശയം തോന്നിയിരുന്നു. പൊതു പ്രവർത്തനങ്ങളിലേയ്ക്ക് അദ്ദേഹം അറിയാതെതന്നെ ആകർഷിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. അഭിഭാഷകവൃത്തി, ഒരിക്കലും പതറാത്ത ഏകാഗ്രതയോടെ അനുഷ്ഠിക്കേണ്ടതാണെന്നു പറയാറുണ്ട്. കേശവമേനോൻ ആ തൊഴിലിനുവേണ്ടിയാണ് പരിശീലനം നേടിയതെങ്കിലും അതിൽതന്നെ ആജീവനാന്തം ഉറച്ചുനില്ക്കണമെന്ന് അഭിലഷിച്ചുവോ എന്നു സംശയമാണ്. ദേശീയപ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരത്തിലും മലബാർ കലാപങ്ങളിലും വൈക്കം സത്യാഗ്രഹത്തിലും തെക്കുകിഴക്ക് ഏഷ്യയിൽ രൂപം പൂണ്ട വിമോചനസമരത്തിലും എല്ലാം അദ്ദേഹം ക്ഷണേന അലിഞ്ഞുചേർന്നു. ആ പഴയ കാലത്ത് വളരെ പണം ചെലവുചെയ്ത് ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്ററായി തിരിച്ചുവന്ന അദ്ദേഹത്തിന് പൊതുജനസേവനത്തിന് ഇറങ്ങേണ്ട യാതൊരു ബാദ്ധ്യതയും ഇല്ലായിരുന്നു. സ്വന്തം തൊഴിലിൽ ഉൽക്കർഷം നേടുവാൻ സഹായിക്കുന്ന പൊതുജന സേവനമുണ്ട്. ആധുനികകാലത്ത് ജനസേവനംതന്നെ ആദായകരമായ തൊഴിലായും തീർന്നിട്ടുണ്ട്. പക്ഷേ, തൻെറ ഭൗതികോൽക്കർഷത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്ഥാനങ്ങളിലാണ് കേശവമേനോൻ പ്രവേശിച്ചത്.

ഇങ്ങനെ ആരംഭിച്ച ആ നിസ്വാർത്ഥ ജീവിതം കളങ്കലേശം കലരാതെ 92 വർഷം നീണ്ടുനിന്ന്, അന്യാദൃശമായ പൂർണ്ണതയെ പ്രാപിച്ച്, കേരളദേശത്തിന് നിത്യാഭിമാന ഭാജനമായി പരിലസിച്ച് ശാശ്വത ശാന്തിയിൽ ലയിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ വേർപാട് ഈ രാജ്യത്തെ മുഴ



കാലിക്കററ് സർവകലാശാലയുടെ ഡി. ലിററ് ബിരുദം ചാൻസലർ എൻ. എൻ. വാഞ്ചുവിൽനിന്നു സ്വീകരിക്കുന്നു. ആക്ടിംഗ് വൈസ് ചാൻസലർ സുകുമാർ അഴീക്കോടിനേയും കാണാം



കെ. പി. കേശവമേനോൻ സത്യസായിബാബയുടേയും സ്വാമി ചിന്മയാനന്ദൻേറയും കൂടെ

Digitized by Kerala Sahitya Akademi

ന്നം സങ്കടപ്പെടുത്തിയ വസ്തുതയാണെ ങ്കിലും എന്തു കാരണത്താലോ, കേശവമേനോൻ നമ്മുടെ ഇടയിൽ ഇല്ല എന്ന വിശ്വസിക്കാൻ സാധിക്കുന്നില്ല. കൊച്ചുകുട്ടികൾ കുത്തിവരച്ചതുപോലെയുള്ള കയ്യൊപ്പോടുകൂടിയ ആ കത്തുകൾ വീണ്ടും വരുമെന്നും സ്നേഹവും അധികാരവും ഒന്നിച്ചു സ്ഫുരിക്കുന്ന ആ ദൃഢസ്വരം ഇനിയും കേൾക്കുമെന്നും തോന്നിപ്പോകുന്നു. നന്മയും മഹത്വവും നേടിയ ശ്രേഷ്ഠപുരുഷന്മാരുടെ സിദ്ധിയാണത്. അവർ നമ്മെ വിട്ടുപിരിഞ്ഞാലും ആ സാന്നിദ്ധ്യം ആവശേഷിക്കുന്നു.

## ജീവിതം—അഖണ്ഡമായ ഉൺമ

അദ്ദേഹം പൊതുക്കാര്യങ്ങളിൽ തന്നെക്കുറിച്ചുള്ള ചിന്തയില്ലാതെ അലിഞ്ഞുചേൎന്ന എന്നു പറഞ്ഞത് ഒരൎത്ഥത്തിൽ തികച്ചും ശരിയാണെങ്കിലും അസാധാരണമായ മററൊരൎത്ഥത്തിൽ ശരിയല്ലെന്നും പറയേണ്ടിയിരിക്കുന്നു. ചരിത്രസംഭവങ്ങളുടെ പെരുവെള്ളപ്പെരുക്കത്തിൽ അദ്ദേഹം ഒഴുകിപ്പോയില്ല, ത്യാഗങ്ങളും വേദനകളും മഹാദുഃഖങ്ങളും അദ്ദേഹത്തെ അടിതെററിച്ചില്ല. അത്യദ്ഭുതകരമായ രീതിയിൽ, അദ്ദേഹത്തിൻെറ വ്യക്തിത്വം ആ ദുരിതാനുഭവങ്ങളെയെല്ലാം അതിജീവിച്ചു പൂർവാധികമായ ശക്തിയാൎജ്ജിക്കുകയും മറെറങ്ങും കാണാത്ത മഹത്വം കൈവരിക്കുകയും ചെയ്തു. ഭാഗ്യമെന്നപോലെ ഭാഗ്യദോഷവും മനുഷ്യാത്മാവിനെ ദർപ്പകളങ്കിതമാക്കാറുണ്ട്. ത്യാഗം ചെയ്തവരും യാതന അനുഭവിച്ചവരും കണക്കു പറഞ്ഞു പ്രതിഫലം വാങ്ങി വില കെട്ടുപോകുന്നതും സ്ഥാനമാനങ്ങൾ പിടിച്ചു മേടിച്ച് സ്മാരകങ്ങളും നിർമിച്ചു മഹാന്മാരാകുവാൻ ശ്രമിച്ചവർ വിസ്മൃതിയിൽ താണുപോകുന്നതും നാം കണ്ടുകൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയിലുണ്ടായ ലജ്ജാവഹമായ ഈ ധർമച്യുതിയിൽനിന്നു കേശവമേനോൻ രക്ഷപ്പെട്ടു. സ്വതന്ത്രഭാരതത്തിലെ ഏതു മഹോന്നതപദവിയിലും അവരോധിക്കപ്പെടുവാൻ അദ്ദേഹത്തിന് അർഹതയും യോഗ്യതയും ഉണ്ടായിരുന്നു.



എം. എസ്. സുബ്ബലക്ഷ്മിയും ശ്രീ സദാശിവനും കെ. പി. കേശവമേനോനെ സന്ദർശിച്ചപ്പോൾ

പക്ഷേ, അങ്ങനെയുള്ള വിചാരങ്ങൾകൊണ്ട് അദ്ദേഹമല്ല, മററുള്ളവരാണ് വ്യഗ്രതയനുഭവിച്ചത്! സാധാരണ മനുഷ്യർക്ക് ''ജീവന്മരണപ്രശ്ന''ങ്ങളായി തീരാറുള്ള അത്തരം കാര്യങ്ങളെക്കുറിച്ച് ഖേദമോ പോകട്ടെ, ഫലിതത്തിലുള്ള ഒരു പരാമർശംപോലും അദ്ദേഹത്തിൽനിന്നു കേട്ടിട്ടില്ല. എങ്ങനെയോ കൈ തെററിവന്നതും ഒരു ദുർബലനിമിഷത്തിൽ സ്വീകരിച്ചുപോയതുമായ അംബാസഡർസ്ഥാനത്തെപ്പററി അദ്ദേഹം പശ്ചാത്തപിക്കുകയുണ്ടായി എന്ന് എനിക്കറിയാം.

ജീവിതത്തെ, പൊതുക്കാര്യമെന്നും സ്വന്തം കാര്യമെന്നും വിഭജിക്കാതെ അഖണ്ഡമായ ഒരു ഉൺമയായിക്കണ്ട് അതിൽ മുഴുവനും ലോഭനീയമായ ആദർശനിഷ്ഠയും തത്ത്വദീക്ഷയും പാലിച്ച് അണുമാത്രമായ വിട്ടുവീഴ്ചപോലും വരുത്താതെ നിരന്തരം കർമനിരതനായി കഴിയുവാനാണ് കേശവമേനോൻ ആദ്യന്തം പരിശ്രമിച്ചത്. ഇത് നടക്കാത്ത കാര്യമാണെന്നും യാഥാർത്ഥ്യബോധം ഇല്ലാത്തതിൻെറ ലക്ഷണമാണെന്നും നമുക്കൊക്കെ തോന്നിയേക്കാം. അത്ര കടന്ന ആദർശശാലിത്വം പാലിക്കുവാൻ ശ്രമിച്ചിട്ടു കാര്യമില്ല; ഒരു കണ്ണും ഒരു ചെവിയും ഇല്ലെന്നുവെച്ചാൽ മാത്രമേ ദൈനംദിന ജീവിതം നടക്കുകയുള്ളു; നാട് ഓടുമ്പോൾ നടുവേ ഓടണം; മനുഷ്യ സ്വഭാവത്തിലെ അപൂർണ്ണതകൾ മനസ്സിലാക്കണം; അങ്ങനെ നാരായം വിഴുങ്ങിയതുപോലെ നില്ക്കരുത്; എന്ന മട്ടിലുള്ള ഗുണദോഷം എവിടേയും കേൾക്കാവുന്നതാണ്. പ്രത്യേകിച്ചും ഇക്കാലത്ത്. എന്തുകൊണ്ടെന്നാൽ ''ജനകീയ വ്യവസ്ഥിതിയുടെ അടിസ്ഥാനം തന്നെ വിട്ടുവീഴ്ചയാണ്.'' പക്ഷേ, ദുർവിധിയുടെ അടിക്കടിയുള്ള ആഘാതമേററിട്ടും കേശവമേനോൻ ആ മഹായത്നത്തിൽനിന്ന് പിൻതിരിഞ്ഞില്ല. അതിൽ താൻ പരാജയപ്പെട്ടു എന്നും അദ്ദേഹം കരുതിയില്ല. ഇന്നിപ്പോൾ, അദ്ദേഹത്തിൻെറ ദീർഘവും ദീപ്തിമത്തുമായ ജീവിതത്തെ അതിൻെറ പൂർണ്ണഭാവത്തിൽ അവലോകനം ചെയ്യുമ്പോൾ നമുക്കും അതു സമ്മതിക്കാതെ നിവൃത്തിയില്ലെന്നു കാണാം. എന്നല്ല അദ്ദേഹത്തിന് സ്തുത്യർഹമായ വിജയം കൈവന്നു എന്നും നിഷ്പക്ഷമതികൾ ചൂണ്ടിക്കാണിക്കും. നമ്മുടെ പോരായ്മകളും ഹ്രസ്വദൃഷ്ടിയും അദ്ദേഹത്തിൻെറ മഹത്വവും ഈ അവലോകനത്തിൽ തെളിയുകയും ചെയ്യുന്നു. നീചത്വങ്ങളിലേയ്ക്കു് തിരിഞ്ഞു നോക്കുകപോലും ചെയ്യാത്ത, മാന്യവും ഉദാരവുമായ പെരുമാററവും, നന്മയിലും സ്നേഹത്തിലും സത്യധൎമ്മാദി സദ്ഗുണങ്ങളിലും അടിയുറച്ച സ്വഭാവശുദ്ധിയും, വധഭീഷണിക്കുപോലും ഇളക്കുവാൻ കഴിയാത്ത ആദർശനിഷ്ഠയും, സംശയലേശം സ്പർശിക്കാത്ത നിസ്വാൎത്ഥതയും ഈ ചപലലോകത്തിൽ ഇന്നും ദുഷ്പ്രാപങ്ങളല്ല എന്നാണ് അദ്ദേഹം കാണിച്ചുതന്നത്. മൂല്യത്തകർച്ചയും മോഹഭംഗവും മൃഗീയവാസനകളുടെ വിജൃംഭണവുംകൊണ്ട് വിവശമായ കേരളീയ



Digitized by Kerala Sahitya Akademi

...ദായത്തിന് ഉദാത്തമായ ഈ ഉദാഹര[illegible] പ്രചോദനം നല്കിയെങ്കിൽ എന്ന് കൊതിച്ചുപോകുന്നു.

## സൂര്യനിലും കളങ്കം

ഒരു ലോകോപദേഷ്ടാവിന്റെ വേഷം കെട്ടുവാൻ കേശവമേനോൻ ആഗ്രഹിച്ചില്ല. തന്റെ നേട്ടങ്ങളേയും മഹിമകളേയും കുറിച്ചു ഘോഷിച്ചുമില്ല. പക്ഷേ, മനുഷ്യജീവിതത്തിന്റെ മാഹാത്മ്യസർവസ്വം എന്തെന്ന് ആജീവനാന്തമദ്ദേഹം ആലോചിച്ചിരുന്നു എന്നു നിശ്ചയമാണ്. ഈ ഗവേഷണം വിജ്ഞാനദാഹം ശമിപ്പിക്കുന്നതിനുവേണ്ടി മാത്രം നടത്തിയതായിരുന്നു എന്നും ഞാൻ വിശ്വസിക്കുന്നില്ല. തന്റെ ജീവിതമാകുന്ന തീർത്ഥാടനത്തിൽ നേർവഴി കണ്ടുപിടിക്കുവാനുള്ള മഹായത്നമായിരുന്നു അത്. അന്തിമലക്ഷ്യങ്ങളെപ്പററി അദ്ദേഹത്തിന് സംശയമൊന്നും ഇല്ലായിരുന്നു. പ്രായാണമാർഗത്തിലെ പ്രയാസങ്ങളാണ് വിഷമിപ്പിച്ചത്. അവയെ ദൂരീകരിക്കുന്നതിനുവേണ്ടി ലോകാചാര്യന്മാരുടേയും മഹാത്മാക്കളുടേയും രാഷ്ട്രനിർമ്മാതാക്കളുടേയും പൊതുജനനേതാക്കന്മാരുടേയും ജീവിതത്തെപ്പററി വിസ്തരിച്ചുള്ള പഠനം നടത്തി. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ജീവചരിത്രഗ്രന്ഥങ്ങൾ ഈ അന്വേഷണത്തിന്റെ ഉപോൽപന്നങ്ങളാണെന്ന് ഞാൻ കരുതുന്നു. മരിക്കുന്നതിന് ഏതാനും മാസങ്ങൾക്കു മുമ്പ് അദ്ദേഹവുമായി സംസാരിച്ചപ്പോൾ ഈ വിഷയം പൊന്തിവന്നതോർക്കുന്നു. പല മഹാന്മാരും ലോകദൃഷ്ടിയിൽ പ്രദർശിപ്പിച്ച ജീവിതഭാവങ്ങളിൽ മാത്രമേ ശ്രേഷ്ഠത പാലിച്ചുള്ളു എന്നും അവരിൽ പലരുടേയും അഹന്ത ദുഃസഹമാണെന്നും ഹൃദയവേദനയോടെ അദ്ദേഹം ചൂണ്ടിക്കാണിച്ചു. നാലുപേരുടെ നല്ല വാക്കു കേൾക്കുന്നതോടെ താൻ മഹാപുരുഷനാണെന്നും എന്തെല്ലാം കൊള്ളരുതായ്മകൾ കാണിച്ചാലും ലോകം തന്നെ ആരാധിച്ചുകൊള്ളണമെന്നും മനുഷ്യൻ സങ്കല്പിച്ചുതുടങ്ങുന്നു. രാഷ്ട്രീയനേതാക്കന്മാരുടെ ഇടയ്ക്കു് ഇങ്ങനെയുള്ളവർ ധാരാളമുണ്ടത്രെ. ജനങ്ങൾ തങ്ങളുടെ ദാസന്മാരാണെന്നും രാജ്യം സ്വകാര്യസമ്പത്താണെന്നും അവർ വ്യാമോഹിക്കുന്നു. പ്രജാസഞ്ചയത്തിനു വേണ്ടി അംഗീകരിച്ചിട്ടുള്ള നിയമങ്ങളും നിയന്ത്രണങ്ങളും തങ്ങൾക്ക് ബാധകമല്ലെന്നുപോലും വാദിക്കും. എത്ര വലിയ സിദ്ധിയുള്ള ആളാണെങ്കിലും എത്രമേൽ ലോകസമ്മതനാണെങ്കിലും ഇതൊരു കളങ്കം തന്നെയാണെന്ന് കേശവമേനോൻ ഉറപ്പിച്ചു പറഞ്ഞു. ഇത് എല്ലാവരിൽ നിന്നും എക്കാലത്തും ഒളിച്ചുവെക്കാൻ സാധിക്കുകയില്ലെന്നും ഇന്നല്ലെങ്കിൽ നാളെ വെളിപ്പെട്ടുപോകുമെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. തന്റെ ജീവചരിത്രഗ്രന്ഥങ്ങളിൽ മനഃപൂർവം ചേർക്കാതിരുന്നതും എന്നാൽ നിസ്തർക്കമായി അറിയപ്പെട്ടിട്ടുള്ളതുമായ പല വസ്തുതകളും സംഭവങ്ങളും അദ്ദേഹം ഉദ്ധരിക്കുകയും ചെയ്തു.

അതെല്ലാം കേൾക്കുവാൻ ഇടയായപ്പോൾ മഹാകവി ഉള്ളൂരിന്റെ

> പാർത്ഥിവനായ്ക്കാൺമൂ നമ്മൾ ഹാ!
> ചിലപ്പോൾ രാഘവനെ
> സ്വാർത്ഥചിന്താപരനായും
> മററുചിലപ്പോൾ
> പുരുഷൻ തൻ ദിവ്യതയ്ക്കു
> പൂർത്തിയില്ല; കരിപ്പുള്ളി
> സൂരനിലും സുലഭം താൻ
> സൂക്ഷിച്ചു പാർത്താൽ.
> (ചിത്രശാല)

എന്ന വരികൾ ഞാൻ ചൊല്ലിപ്പോയി. സാഹിത്യമർമ്മം ഗ്രഹിച്ചിട്ടുള്ള കേശവമേനോനെ ഈ കവിതാശകലം കോരിത്തരിപ്പിച്ചു. ഭൂമുഖത്തുണ്ടായിട്ടുള്ള സംഘടിത സമുദായങ്ങളിൽ ഏററവും ദോഷം കുറഞ്ഞതെന്ന് അദ്ദേഹം ചിലപ്പോഴൊക്കെ സൂചിപ്പിച്ചിട്ടുള്ള ഇംഗ്ലണ്ടിലെ മഹാന്മാരായ ചില രാഷ്ട്രീയ നേതാക്കന്മാരെപ്പററിയായി പിന്നത്തെ സംഭാഷണം. അവരിൽ പലരേയും അദ്ദേഹം നേരിൽ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്. ഏററവും മഹാനായ പ്രധാനമന്ത്രിയെന്ന് ചർച്ചിലുപോലും പ്രശംസിച്ചിട്ടുള്ള ലോയിഡ് ജോർജിനെപ്പററി അദ്ദേഹത്തിന്റെ പുത്രൻ തന്നെ എഴുതിയ ജീവചരിത്രത്തിൽ രേഖപ്പെടുത്തിക്കാണുന്ന കുചേഷ്ടിതങ്ങളും റാംസേ മാക്ഡോണാൾഡിന്റെ അധികാരദുർമ്മോഹങ്ങളും മററും വിസ്തരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''ഞാൻ കണ്ടേടത്തോളം ഏബ്രഹാംലിങ്കൺ മാത്രമാണ് ഈ കളങ്കങ്ങളിൽനിന്നെല്ലാം അകന്നുനില്ക്കുന്ന ഒരേ ഒരു മഹാൻ.'' ഞാൻ വിയോജിച്ചു: ''അതും അത്ര ശരിയല്ല. കുടിയേററക്കാരായ ഇംഗ്ലീഷുകാർ, ആ മണ്ണിന്റെ ജന്മാവകാശികളായ അമേരിന്ത്യൻ ജനങ്ങളെ കണ്ണിൽ ചോരയില്ലാതെ ദ്രോഹിച്ച കാലത്താണ് ലിങ്കൺ പ്രസിഡണ്ടായിരുന്നതു്. അദ്ദേഹം ആ സാധുജനങ്ങളെ രക്ഷിക്കുവാൻ ഒരു ചെറുവിരൽ പോലും അനക്കിയില്ല. കാരുണ്യമുള്ള ഒരു വാക്കുപോലും ഉരിയാടിയില്ല.'' അപ്പോഴേയ്ക്കു് കാറു വന്നു. ഞങ്ങൾ യാത്രയും പറഞ്ഞു.

## ദുഃഖം എന്തുകൊണ്ട്?

സാമാന്യത്തിലധികം ദുഃഖങ്ങൾ നിറഞ്ഞ തന്റെ ജീവിതത്തിൽ കേശവമേനോൻ ഏററവും കൂടുതൽ ദുഃഖിച്ചത് ആയുസ്സിന്റെ അന്ത്യപാദത്തിലാണ്. അത് തനിക്കോ ബന്ധുക്കൾക്കോ മിത്രങ്ങൾക്കോ വേണ്ടി അല്ലായിരുന്നു; താൻ ആത്മാർത്ഥമായി സ്നേഹിച്ച, സേവിച്ച, ഇന്ത്യയ്ക്കു വേണ്ടിയായിരുന്നു. സ്വകാര്യ ദുഃഖങ്ങൾ നിശ്ശബ്ദമായി സഹിക്കുവാനുള്ള മനക്കരുത്ത് അദ്ദേഹം പണ്ടേ നേടുകയുണ്ടായി. അല്ലെങ്കിൽ തന്നെയും വാർദ്ധക്യത്തിലെ വ്യസനത്തിന് ശ്രദ്ധേയമായ സവിശേഷതകളുണ്ട്. എല്ലാവരും കരയുന്ന ചുററുപാടുകളിൽ ശിലാസദൃശമായ മൂകത പാലിച്ച് അക്ഷോഭ്യനായിരുന്ന രാജഗോപാലാചാരിയെക്കണ്ട് ആളുകൾ അദ്ഭുതപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: ''നിങ്ങൾ അമ്പരക്കുകയാണല്ലേ? ഒരു വൃദ്ധന്റെ മൈത്രി ഉറപ്പേറിയ വസ്തുവാണ്. പ്രായം കുറഞ്ഞവരുടെ തീക്ഷ്ണമായ രാഗവൈവശ്യംപോലെയല്ലത്. ഞാനും നിങ്ങളെപ്പോലെതന്നെ സങ്കടപ്പെടുന്നു. നിങ്ങളുടെ ദുഃഖം കണ്ണുനീരിൽ അലിയുന്നു. എന്റേത് ഉറഞ്ഞുകൂടുന്ന വേദനയാണ്'' (8—2—1969). സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ഇന്ത്യയിൽ അണപൊട്ടി ഒഴുകിയ ദുരാഗ്രഹവും അഴിമതിയും അച്ചടക്കമില്ലായ്മയും സ്നേഹശൂന്യതയും ഖലത്വവും ഹിംസാശീലവുമാണ്





DESEEYA AYURVEDIC PHARMACY · dap · UNNIKULAM PO.

എല്ലാവിധ ആയുർവേദ ഔഷധങ്ങൾക്കും ചികിത്സയ്ക്കും

ദേശീയ ആയുർവേദിക് ഫാർമസി

ഉണ്ണികുളം പോസ്റ്റ് (കേരള) ഫോൺ: 68 താമരശ്ശേരി

ബ്രാഞ്ചുകൾ: മാനന്തവാടി, പനമരം, കല്പററ, അമ്പലവയൽ, സു. ബത്തേരി, ബാലുശ്ശേരി, മേപ്പാടി




Digitized by Kerala Sahitya Akademi

[illegible]മേനോനെ അങ്ങേയററം സങ്കടപ്പെടുത്തിയത്. സ്വാതന്ത്ര്യസമരകാലത്ത് [illegible] പുലർത്തിയ ശുഭപ്രതീക്ഷകഠം ഓരോന്നായി പൊലിയുന്നത് മിണ്ടാതെ കണ്ടുകൊണ്ടിരിക്കുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല. അപാരമായ ആ സഹനശക്തിയെ മറികടന്നു കൂടക്കൂടെ ആ ദുഃഖം അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഈ പ്രതിസന്ധിയോടുള്ള പ്രതികരണമായിട്ടാണ് അദ്ദേഹത്തിൻെറ ജീവിതത്തിലെ ഏററവും വിലപ്പെട്ടതും എന്നെന്നും സ്മരിക്കേണ്ടതുമായ സേവനപരിപാടി രൂപംപൂണ്ടതെന്ന് ഞാൻ വിശ്വസിക്കുന്നു. ''ഇരുട്ടിനെ ശപിച്ചുകൊണ്ടിരിക്കാതെ ഒരു മെഴുകുതിരിയെങ്കിലും കൊളുത്തുവാൻ ശ്രമിക്കൂ.'' എന്ന ആപ്തവാക്യത്തിൽ ഉപദേശിക്കുന്നതുപോലെ, ഭൂതദയയുടേയും സഹാനുഭൂതിയുടേയും വിഷയത്തിൽ ഊഷരഭൂമിയായിത്തീർന്ന ഈ നാട്ടിൽ സ്നേഹത്തിൻെറ പുണ്യതീർത്ഥം ഒഴുക്കുവാൻ തന്നാൽ കഴിയുന്ന എല്ലാ ശ്രമങ്ങളും ചെയ്യുവാനാണ് അദ്ദേഹം ഒരുമ്പെട്ടത്.

പത്രാധിപരായ അദ്ദേഹത്തിന് തീ ചിതറുന്ന മുഖപ്രസംഗങ്ങളും വിമർശനങ്ങളും എഴുതി ഭരണാധികാരികളേയും രാഷ്ട്രീയനേതാക്കന്മാരേയും സാമൂഹിക നയങ്ങളേയും കുററപ്പെടുത്തി താൻ അനുഭവിച്ച അമർഷവും വേദനയും ശമിപ്പിക്കാമായിരുന്നു. അതുകൊണ്ടൊന്നും പ്രയോജനം ഉണ്ടാവുകയില്ലെന്ന് അനുഭവസമ്പന്നനായ അദ്ദേഹം അറിഞ്ഞിരിക്കണം. അല്പജ്ഞരായ നമ്മളും ഈ പരമാർത്ഥം മനസ്സിലാക്കി, പൗരബോധം കൈവരിച്ച് പക്വബുദ്ധികളായിത്തീരേണ്ട കാലം വന്നിരിക്കുകയാണ്. ഉടനെ തോന്നിയ ഒരു ഉദാഹരണം പറയട്ടെ. അടിയന്തരാവസ്ഥയേയും ഇന്ദിരാഗാന്ധിയേയും കുറിച്ച് ആക്ഷേപത്തിൻേറയും ശകാരത്തിൻെറ പ്രളയമല്ലേ ഈ അടുത്ത കാലത്ത് ഇന്ത്യയിലുണ്ടായത്? കിം ഫലം? ആ കിരാതഭരണത്തിൻെറ കെടുതികഠം ജനസഞ്ചയം മറന്നുകഴിഞ്ഞു. ഇന്ദിര വിജയത്തിൻെറ തരംഗശൃംഗത്തെ വീണ്ടും അധിരോഹണം ചെയ്തിരിക്കുന്നു. രാഷ്ട്രീയ ഭാഗധേയത്തിൻെറ ആന്ദോളനം ആക്കും പ്രവചിക്കുവാൻ സാധ്യമല്ല. കടലാസ്സും മഷിയുംകൊണ്ടുള്ള പോരാട്ടം അതിനെ നിയന്ത്രിച്ചിരുന്ന കാലം പോയ്പ്പോയി. കോടതിവിധികഠക്കുപോലും വിലകല്പിക്കാത്ത ദശാവിശേഷം വരികയല്ലേ എന്നു ഭയം തോന്നുന്നു. അച്ചടിയും പത്രപ്രവർത്തനവും വൻകിട വ്യവസായമായിത്തീരുന്നതിന്നു മുമ്പ് അവ സുശക്തവും ഫലപ്രദവുമായ ആയുധങ്ങളായിരുന്നു. ആ സെല്ലുലോസ്ബോംബുകഠം ഇന്നിതാ അസ്ത്രശക്തങ്ങളായിരിക്കുന്നു. ത്രുറുകണ്ണും മിഴിച്ചുകൊണ്ടു പത്രം വിഴുങ്ങുന്ന നമ്മളാരും കാണാത്ത ഈ മഹാസത്യം കാഴ്ചയുടെ സൗഭാഗ്യം നഷ്ടപ്പെട്ട കേശവമേനോനാണ് മനസ്സിലാക്കിയത്. സ്നേഹത്തിൻെറ ഉറവുകഠം വററിവരണ്ടുപോയ സാമൂഹിക ചേതനക്കു സാന്ത്വനം നല്കുവാൻ പത്രമോ പുസ്തകമോ പദ്ധതി പ്രവർത്തനമോ ശക്തമല്ല. ഈ മഹാസങ്കടത്തിന് സ്നേഹം മാത്രമേ പ്രതിവിധിയുള്ളു.

''അനുരാഗേ സാർവഗുണ്യമ് ഇതി.''

(സ്നേഹമുള്ളേടത്ത് സർവ ഗുണങ്ങളുമുണ്ട്) എന്നാണല്ലോ കൊന്നും വെന്നും തീവെച്ചുമുടിച്ചും ഉൽക്കർഷം നേടുവാൻ രാഷ്ട്രങ്ങളെ ഉപദേശിച്ച ചാണക്യൻപോലും പറഞ്ഞിട്ടുള്ളത്.

## അഭയസ്ഥാനം — ആശാകേന്ദ്രം

ദുരിതാനുഭവക്കാരായ എത്രയോ ജനങ്ങഠക്കു കേശവമേനോൻ അഭയസ്ഥാനവും ആശാകേന്ദ്രവും ആയിരുന്നു. പല തരത്തിലുള്ള ഭാഗ്യദോഷങ്ങഠക്കും സങ്കടങ്ങഠക്കും വിധേയരായി കഷ്ടതയനുഭവിച്ച ആളുകഠം സാന്ത്വനം ലഭിക്കുന്നതിന്നുവേണ്ടി അദ്ദേഹത്തെ ആശ്രയിച്ചിരുന്നു. കത്തുകളയച്ചും ലേഖനമെഴുതിയും അഭിമുഖമായി സംസാരിച്ചും അവരുടെ ഹൃദയങ്ങളിൽ സ്നേഹാമൃതം പകർന്ന് അദ്ദേഹം അവസാനകാലത്തു നിരന്തരമായ സേവനം ചെയ്തു. ചിലരുടെ കരളലിയിക്കുന്ന കഥകഠം അദ്ദേഹംതന്നെ പറഞ്ഞുകേഠക്കുമ്പോഠം ആരും കരഞ്ഞുപോകും. ഇങ്ങനെയുള്ള പരിദേവനങ്ങഠം സഹാനുഭൂതിയോടെ കേഠക്കുവാൻപോലും ആളില്ലാത്ത അസുരസമുദായമായിട്ടാണ് നാം 'പുരോഗമിച്ചിരിക്കുന്നത്.' കേശവമേനോൻെറ വേർപാടിൽ ഏററവും കൂടുതൽ ദുഃഖിക്കുന്നത് ഈ മഹാ സമൂഹമാണെന്ന് ഞാൻ കരുതുന്നു. ഇതാണ് ഏററവും വലിയ ലോകസംഗ്രഹം. മഹാകവി ഉള്ളൂരിനെത്തന്നെ വീണ്ടും ഉദ്ധരിക്കട്ടെ:

> ക്ഷുത്കൃശന്നൂണേകിയും
>   നഗ്നനെപ്പുതപ്പിച്ചും,
> ദുഃഖിയെത്തോഷിപ്പിച്ചും,
>   രോഗിയെശ്ശുശ്രൂഷിച്ചും,
> ആപത്തിൽപ്പെടുന്നോനെ–
>   യാശ്വസിപ്പിച്ചും, താണു–
> കൂപത്തിൽക്കിടപ്പോനെ
>   കൈക്കൊടുത്തുയർത്തിയും
> അന്യർതൻ സ്മിതച്ചില്ലിൽ–
>   ത്തൻ സുഖം നിരീക്ഷിച്ചു–
> മന്യർതൻ ഹർഷാശ്രുമു–
>   ത്താത്മവിത്തമായ്പ്പൂണ്ടും,
> ഹൃത്തിലും ചക്ഷുസ്സിലും
>   വാക്കിലും കർമത്തിലും
> ശുദ്ധമാം പ്രേമത്തിൻെറ
>   സാന്നിദ്ധ്യം കാട്ടിക്കാട്ടി;
> ലോകത്തെക്കുടുംബമായ്–
>   ജ്ജീവിയെസ്സോദര്യനായ്;
> ദേഹത്തെപ്പരാർത്ഥമാം
>   യജ്ഞത്തിൻ സാമഗ്രിയായ്;
> ഏവനോ കല്പിച്ചെൻെറ
>   വേലയിൽപ്പങ്കാളിയായ്
> മേവിടാനോർപ്പോനവ–
>   നെന്നും ഞാൻ വശംവദൻ.
>
> (ഭക്തി ദീപിക)

കേശവമേനോൻ പതിവായി ക്ഷേത്രദർശനത്തിനു പോവുകയോ നാമംജപിക്കുകയോ ധ്യാനിക്കുകയോ ഒന്നും ചെയ്തിരുന്നതായി അറിവില്ല. ആദ്ധ്യാത്മികകാര്യങ്ങളിൽ പോലും അത്ര വലിയ താൽപര്യമൊന്നും പ്രകടിപ്പിച്ചിരുന്നില്ല. എന്നാലും അദ്ദേഹം അചഞ്ചലമായ ഈശ്വരവിശ്വാസമുള്ള ആളായിരുന്നു. ആയുസ്സിൻെറ അവസാനഘട്ടത്തിൽ ശ്രീ സത്യസായിബാബയുടെ അന്തികത്തിൽ ചെന്നപ്പോഠം ചിരപരിചിതനായ സുഹൃത്തിനെപ്പോലെയാണ് അദ്ദേഹം സ്വീകരിക്കപ്പെട്ടത്. ആ സന്ദർശനം എത്തു വലിയ ആനന്ദവും ചാരിതാർത്ഥ്യവുമാണ് കേശവമേനോൻെറ ഹൃദയത്തിൽ ഉളവാക്കിയതെന്ന് നേരിട്ടറിയുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. അദ്ദേഹം അന്നുമുതല്ക്ക് ബാബയുടെ ആരാധകനായി. സായി ഗ്രന്ഥങ്ങഠം വായിക്കുന്നതിലും കീർത്തനങ്ങഠം കേഠക്കുന്നതിലും വളരെ താത്പര്യം കാണിക്കുകയും ചെയ്തു. സായിഭജന ശ്രവിച്ചുകൊണ്ടുതന്നെ ദേഹം വെടിയണമെന്നും അഭിലഷിച്ചിരുന്നു.

> അന്തകാലേ ച മാമേവ
> സ്മരൻ മുക്ത്വാ കളേബരം
> യഃ പ്രയാതി, സ മദ്ഭാവം
> യാതി, നാസ്ത്യത്ര സംശയഃ
>
> (ഭഗവദ്ഗീത)

(യാതൊരുവൻ മരണസമയത്തുപോലും എന്നെത്തന്നെ സ്മരിച്ചുകൊണ്ട് ശരീരം വിട്ടു പോകുന്നുവോ അവൻ എൻെറ അവസ്ഥയെ പ്രാപിക്കുന്നു; സംശയമില്ല.) എന്ന പ്രമാണമനുസരിച്ച് അദ്ദേഹത്തിന് ആദ്ധ്യാത്മിക ജീവിതത്തിൻെറ പരമമായ സാഫല്യം കൈവന്നു എന്നു തീർച്ചയാണ്. ശുദ്ധചര്യയിലും പരോപകാരത്തിലും ലോകസേവനത്തിലും സമസൃഷ്ടസ്നേഹത്തിലും നിഷ്ഠവെച്ച് ജീവിതയാത്ര നിർവ്വഹിച്ച ഈ പുണ്യചരിതൻ എത്രയോ മുമ്പു തന്നെ മുക്തിപദത്തിന് അർഹത നേടിയെങ്കിലും നിഷ്കാമ ഭക്തിയുടെ നിരതിശയമായ പരമാനന്ദവും ഈ ജന്മത്തിൽ തന്നെ അദ്ദേഹം ആസ്വദിക്കണമെന്ന് പരമ കാരുണികനായ ജഗന്നിയന്താവ് നിശ്ചയിച്ചതായി തോന്നുന്നു. ധന്യനായി ജീവിക്കുകയും മരിക്കുകയും അപുനർഭവ ശാന്തിയിൽ ലയിക്കുകയും ചെയ്ത അദ്ദേഹത്തിൻെറ പാവനസ്മരണക്കു മുമ്പിൽ എൻെറ പ്രണാമങ്ങഠം.

---


## N B S NEWS

### ആദ്യത്തെ കഥകൾ
**കോവിലൻ**

തറവാട്, ബോർഡൗട്ട് എന്നീ രണ്ടു ലഘുനോവലുകഠം ഒരു പുസ്തകമായി കിട്ടുന്നു. വില 6-00

### ദേവീമാഹാത്മ്യം
**പി. കെ. ദിവാകരക്കൈമ്മൾ**

വായനക്കാരിൽ ആത്മീയ പ്രകാശം ചൊരിഞ്ഞ് ആത്മസാക്ഷാത്കാരത്തിലെത്തിക്കുന്ന ഗ്രന്ഥം. വില 3-50

### ധർമ്മ ക്ഷേത്രം
**മാധവ്**

ശക്തിയുള്ള ഭാഷ, രസനീയമായ ഘടന. അഭിനയിക്കാൻ പററിയ നാടകം. വില 4-50

### ജൂലിയസ് സീസർ
**വി. എൻ. പി.**

ഷേക്സ്പിയറുടെ വിശ്വപ്രസിദ്ധ നാടകത്തിൻെറ വിവർത്തനം. വില 6-00

### തിരുമുമ്പിൽ
**കെ. കേശവൻ നായർ**

27 കവിതകളുടെ സമാഹാരം. തിരുനല്ലൂരിൻെറ അവതാരിക. വില 4-00

**നാഷനൽ ബുക്ക് സ്റ്റാൾ**

കോട്ടയം–686 001